# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 5356

04.07.2013 - ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ആദിവാസി ചികിത്സാ രീതികൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
" ഡൊമിനിക് പ്രസന്റേഷൻ
" പാലോട് രവി
" സണ്ണി ജോസഫ്

(എ) ആദിവാസി ചികിത്സാ രീതികൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിയ്ക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ പ്രവർത്തന രീതി എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

**ഉത്തരം**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി)

(എ) & (ബി) ഉണ്ട്.

i) വർഷംതോറും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളും കിർത്താഡ്സും ചേർന്ന് കേരളത്തിലെ ഏതെങ്കിലും പ്രധാനപ്പെട്ട 2 നഗരങ്ങളിൽ ആദിവാസി ചികിത്സ, വംശീയ ഭക്ഷ്യമരുന്ന് വിപണന മേളകൾ സംഘടിപ്പിക്കാറുണ്ട്. ന്യൂഡൽഹിയിൽ നടക്കുന്ന ട്രെയ്ഡ് ഫെയറുകളിൽ വംശീയ വൈദ്യന്മാരെ പങ്കെടുപ്പിക്കാറുണ്ട്

ii) 17.7.13-ലെ ജി.ഒ (ആർ.റ്റി) നം. 966/13/പ.ജ.പ.വ.വി.വ പ്രകാരം വംശീയ വൈദ്യ പഠന ഗവേഷണ കേന്ദ്രം തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ ആരംഭിക്കാനുള്ള ഭരണാനുമതി പട്ടിക വർഗ്ഗ വികസന വകുപ്പ് നൽകിയിട്ടുണ്ട്.

iii) വംശീയ വൈദ്യത്തിൽ പ്രഗത്ഭരായ വ്യക്തികൾക്ക് അവരുടെ വൈദ്യശാസ്ത്രപരമായ കഴിവുകൾ പോഷിപ്പിക്കാൻ കിർത്താഡ്സ് മുഖേന ധന

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ; | (സി) | പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പുകളും കിർത്താഡ്സും മുഖേന സർക്കാരാണ് പദ്ധതി നടപ്പാക്കുന്നത്. മേളകൾ നടക്കുന്ന പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുജനങ്ങളുടേയും സഹായങ്ങളും സഹകരണവും ഉറപ്പാക്കാറുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ഡി) | i) ഈ വർഷം മേള സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസംബർ, ജനുവരി മാസങ്ങളിലാണ് മേള സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.<br>ii) ഇതിന് പുറമേ 17.7.13-ലെ ജി.ഒ (ആർ.റ്റി) നം. 966/13/പ.ജ.പ.വ.വി.വ പ്രകാരം തിരുവനന്തപുരം ജില്ലയിൽ വിതുര ആസ്ഥാനമാക്കി ഒരു വംശീയ വൈദ്യ പഠന കേന്ദ്രം സ്ഥാപിക്കാനുള്ള ഭരണാനുമതി പട്ടിക വർഗ്ഗ വികസന വകുപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ